പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1380 — 20.01.2014 ൽ മറുപടിക്ക്

**ഇന്ധന വില നിലവാരവും ഉപയോഗവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ജെയിംസ് മാത്യു; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഡീസൽ, പെട്രോൾ, പാചക വാതകം എന്നിവയുടെ വില ലിറ്റർ ഒന്നിന് എത്ര വീതമായിരുന്നു;

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഡീസൽ, പെട്രോൾ, പാചക വാതകം (സബ്സിഡിയോടുകൂടിയ ഗാർഹികാവശ്യത്തിനുള്ളത്) എന്നിവയുടെ വില താഴെ ചേർക്കുന്നു.

ഡീസൽ - 41.11 രൂപ
പെട്രോൾ - 66.88 രൂപ
പാചക വാതകം - 364.00/സിലിണ്ടർ

(ബി) ഇവ ഓരോന്നിന്റേയും ഇപ്പോഴത്തെ വില എത്ര വീതമാണ്; വർദ്ധന മൊത്തം എത്ര ശതമാനം വീതം; വ്യക്തമാക്കാമോ;

(ബി) ഇപ്പോഴത്തെ വില

| ഇനം | വില | വർദ്ധനവ് |
|---|---|---|
| പെട്രോൾ | 74.87/ ലിറ്റർ | 12% |
| ഡീസൽ | 57.21/ ലിറ്റർ | 39% |
| പാചക വാതകം | 441.50/സിലിണ്ടർ | 21% |

(സി) ഈ സർക്കാരിന്റെ കാലത്ത് ഡീസൽ, പെട്രോൾ, പാചക വാതകം ഇവയുടെ എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി;

(സി) 23 തവണ പെട്രോളിനും, 20 തവണ ഡീസലിനും, 11 തവണ പാചക വാതകത്തിനും പൊതുമേഖലാ എണ്ണക്കമ്പനികൾ വില വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഡി) 2011-12 വർഷത്തെ ഡീസൽ, പെട്രോൾ, പാചകവതകം എന്നിവയുടെ മൊത്തം ഉപയോഗം എത്രയായിരുന്നു; 2012-13 വർഷത്തെ ഇവയുടെ മൊത്തം ഉപയോഗം എത്രയാണ്; ഉപയോഗത്തിലുണ്ടായ വർധന സംബന്ധിച്ച് വിശദമാക്കാമോ ?

(ഡി) 2011-12, 2012-13 വർഷത്തെ ഡീസൽ, പെട്രോൾ, പാചകവാതകം എന്നിവയുടെ മൊത്തം ഉപയോഗം താഴെ പറയുന്നു.

| ഇനം | 2011-12 (MTs) | 2012-13 (MTs) | വർദ്ധനവ് |
|---|---|---|---|
| പെട്രോൾ | 800372 | 846007 | 5.70 |
| ഡീസൽ | 2202864 | 2427068 | 10.18 |
| പാചക വാതകം | 659554 | 673447 | 2.11 |

സെക്ഷൻ ഓഫീസർ